മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ, ബി) ശമ്പളം നിർണ്ണയിക്കപ്പെട്ടവരും മിനിമം ശമ്പളത്തിനുമാത്രം അർഹതയുള്ളവരുമായ എല്ലാ അദ്ധ്യാപകന്മാരുടേയും ഇൻക്രിമെന്റുകൾ അനുവദിച്ചുകൊണ്ടിരിക്കുന്നുണ്ട്. അവരുടെ എണ്ണം പറയുന്നതിന് സ്ഥിതിവിവരക്കണക്കുകൾ പ്രത്യേകം എടുത്തിട്ടില്ല.

(സി) ചില പരാതികൾ ലഭിച്ചിട്ടുണ്ട്. അതുകളിന്മേൽ എല്ലാം സത്വരനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മിഡിൽ സ്കൂളുകൾ.

* 30. [33] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്കൂൾ വർഷാരംഭത്തിൽ എത്ര മിഡിൽസ്കൂളുകൾ അനുവദിച്ചു;

(ബി) സ്കൂളുകൾ അനുവദിക്കുന്നതു് എന്തു ഉപാധിയിലാണു്;

(സി) വിദ്യാഭ്യാസത്തിൽ പിന്നാക്കം നിൽക്കുന്ന അഞ്ചൽ പ്രദേശത്തുള്ള ഗവണ്മെന്റ് പ്രൈമറിസ്കൂൾ മിഡിൽ സ്കൂളായി ഉയർത്തുന്നതിനു നാട്ടുകാരിൽനിന്നും അപേക്ഷകളോ നിവേദനങ്ങളോ ലഭിച്ചിട്ടുണ്ടോ;

(ഡി) അവയെപ്പറ്റി എന്തു നടപടി സ്വീകരിച്ചിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അറുപതു്. (60) മിഡിൽ സ്കൂളുകൾ ഉള്ളതുകൊണ്ടു് അപേക്ഷകൾ അനുവദിച്ചില്ല.

(ബി) ഓരോ സ്ഥലത്തെ ആവശ്യം അനുസരിച്ചും സ്കൂൾ നടത്തുന്നതിനുള്ള അപേക്ഷകരുടെ സാമ്പത്തികശേഷി അനുസരിച്ചും.

(സി) ഉണ്ടു്.

(ഡി) അഞ്ചൽ പ്രൈമറി സ്കൂൾനിന്നും രണ്ടു ഫർലാങ്ടിനുള്ളിൽ വേറെ മിഡിൽ സ്കൂൾ ഉള്ളതുകൊണ്ടു് അപേക്ഷ അനുവദിച്ചില്ല

ഗവണ്മെന്റാശുപത്രികൾ.

* 31. [34] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽപബ്ലിക്മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റിൽ ആകെ എത്ര ഗവണ്മെന്റ് ആശുപത്രികൾ ഉണ്ടു്;

(ബി) ഇവയിൽ ഒന്നാംഗ്രേഡു് എത്ര; രണ്ടാംഗ്രേഡു് എത്ര;

(സി) മകന്തപുരം താലൂക്കിന്റെ തലസ്ഥാനത്തു് സ്ഥിതിചെയ്യുന്ന ഇരുപത്തിരണ്ടുകിടക്ക ആസ്പത്രി വിപുലീകരിക്കേണ്ടതിനെ സംബന്ധിച്ചു് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൽ എന്തുനടപടി ഗവണ്മെന്റ് എടുത്തു?

LIBRARY ARCHIVES Kerala Legislative Assembly